# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 766 11.03.2015 - ൽ മറുപടിയ്ക്ക്

## ഹീമോഫീലിയ രോഗബാധിതരുടെ ചികിത്സ

| ചോദ്യം<br><br>ശ്രീ.കെ.അജിത് : | മറുപടി<br><br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) കോട്ടയം മെഡിക്കൽ കോളേജിൽ ഹീമോഫീലിയ രോഗബാധിതരുടെ ചികിത്സയ്ക്കായി പ്രത്യേക വിഭാഗമോ വിദഗ്ദ്ധ ഡോക്ടർമാരോ ഉണ്ടെങ്കിൽ എത്ര ഡോക്ടർമാരെയാണ് ഇവിടെ നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ ഹീമോഫീലിയ രോഗ ബാധിതരുടെ എണ്ണം വർദ്ധിച്ച് വരുന്നതിനനുസരിച്ച് കൂടുതൽ ഡോക്ടർമാരെ ഈ രംഗത്ത് നിയമിക്കുമോ എന്നും വെളിപ്പെടുത്തുമോ? | (എ) & (ബി)<br>കോട്ടയം മെഡിക്കൽ കോളേജിൽ ഹീമോഫീലിയ രോഗികൾക്ക്, മെഡിസിൻ, പീഡിയാട്രിക്സ് വിഭാഗങ്ങളിലായി വിദഗ്ദ്ധ ചികിത്സ ലഭ്യമാണ്. ഈ രോഗികളെ അത്യാവശ്യ ഘട്ടത്തിൽ ഈ വിഭാഗങ്ങളിൽ കിടത്തി ചികിത്സിക്കുന്നുണ്ട്. ഹീമോഫീലിയ ക്ലിനിക് എല്ലാ രണ്ടാം ശനിയാഴ്ചയും നടത്തി വരുന്നു. മെഡിസിൻ വിഭാഗത്തിലെ ഒരു അഡീഷണൽ പ്രൊഫസറും ഒരു അസ്സോസിയേറ്റ് പ്രൊഫസറും പീഡിയാട്രിക്സ് വിഭാഗത്തിൽ നിന്നും ഒരു അസ്സോസിയേറ്റ് പ്രൊഫസറും ഈ ക്ലിനിക്കിൽ ചികിത്സ നടത്തുന്നു. ഈ ഡോക്ടർമാർക്ക് ഹീമോഫീലിയ ചികിത്സയിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ചിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് ഒരു പ്രത്യേക വാർഡിനായി നടപടി സ്വീകരിച്ച് വരുന്നു. ഹീമോഫീലിയ ചികിത്സയ്ക്ക് വേണ്ട ഫാക്ടർ 8,9 മരുന്നുകൾ കാരുണ്യ ചികിത്സാ സഹായ പദ്ധതിയിലൂടെ 24 മണിക്കൂറും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ